പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ. 944

09.08.2017 -ലെ മറുപടിയ്ക്ക്

## സംസ്ഥാനത്തെ വിവിധ തൊഴിലാളികൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.പി.കെ.ശശി: | ശ്രീ. ടി.പി.രാമകൃഷ്ണൻ<br>(ബഹു: തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ നിർമ്മാണമേഖല, മരപ്പണി, സ്വർണ്ണപ്പണി, ഇരുമ്പുപണി, തുകൽപ്പണി, മൺപാത്ര നിർമ്മാണം, ഈറ്റ / ചണം / തഴപ്പായ നെയ്ത്ത്, കരകൗശല വസ്തുക്കളുടെ നിർമ്മാണം എന്നിവ ഉൾപ്പെട്ട ആർട്ടിസാൻസ് തൊഴിലാളികൾ എന്നിങ്ങനെ ഓരോ വിഭാഗത്തിലും എത്ര തൊഴിലാളികൾ വീതമുണ്ട് എന്ന തൊഴിൽ വകുപ്പിന്റെ കണക്ക് ലഭ്യമാക്കുമോ; | (എ)സംസ്ഥാനത്തെ നിർമ്മാണമേഖലയിൽ പണിയെടുക്കുന്ന കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായ 18,40,059 തൊഴിലാളികളും മരപ്പണി, ഇരുമ്പുപണി, തുകൽപ്പണി, മൺപാത്ര നിർമ്മാണം, കരകൗശല വസ്തുക്കളുടെ നിർമ്മാണം തുടങ്ങി 150 ഓളം തൊഴിൽ മേഖലകൾ ഉൾപ്പെട്ട കേരള ആർട്ടിസാൻസ് ആന്റ് സ്കിൽഡ് വർക്കേഴ്സ് വെൽഫെയർ സ്കീമിൽ അംഗങ്ങളായ 4,23,549 തൊഴിലാളികളും സ്വർണ്ണപ്പണിയിൽ എർപ്പെട്ടിരിക്കുന്ന കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായ 17,100 തൊഴിലാളികളും ഈറ്റ, തഴപ്പായ നെയ്ത്ത് എന്നീ മേഖലകളിൽ ജോലി ചെയ്യുന്ന കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായ 65,655 തൊഴിലാളികളുമുണ്ട്. |
| (ബി) ഇവരുടെ കൃത്യമായ കണക്കെടുക്കുവാനും, അവരവരുടെ തൊഴിൽ മേഖലകൾ വികസിപ്പിക്കാനും സഹായങ്ങൾ നല്കുവാനും മുൻ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചുവോ എന്നും, ഈ സർക്കാർ അതിനായി എന്തു നടപടികൾ സ്വീകരിക്കും എന്നും വ്യക്തമാക്കുമോ; | (ബി) ക്ഷേമനിധി ആക്റ്റിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത് പ്രകാരമുള്ള സർക്കാർ വിഹിതവും സാമ്പത്തിക ഭദ്രതയില്ലാത്ത ബോർഡുകൾക്ക് പെൻഷൻ നൽകുന്നതിനുള്ള ധനസഹായവും സർക്കാരിൽ നിന്നും നൽകി വരുന്നു. കൂടാതെ 2010-11 മുതൽ സംസ്ഥാനത്ത് പരമ്പരാഗത മേഖലയിൽ തൊഴിൽ ചെയ്യുന്ന തൊഴിലാളികൾക്ക് ഇൻകം സപ്പോർട്ട് സ്കീം മുഖേന ധനസഹായം നൽകിവരുന്നു. ബീഡി, ഖാദി, മുള, ചൂരൽ, മത്സ്യബന്ധനവും സംസ്കരണവും കയർ, കൈത്തറി തുടങ്ങിയ മേഖലകളിൽ തൊഴിൽ ചെയ്യുന്ന തൊഴിലാളികൾക്ക് 1250/- |

| | |
|---|---|
| | രൂപ നിരക്കിൽ പ്രതിവർഷം ധനസഹായം നൽകുന്നുണ്ട്. ഈ ഇനത്തിൽ നാളിതുവരെ 244.55 കോടി രൂപ വിനിയോഗിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരമേറ്റ ശേഷം 9.09.2016 തീയതിയിലെ സ.ഉ (സാധാ) നം 1151/2016/തൊഴിൽ പ്രകാരം 32.5 കോടി രൂപയും 28.03.2017-ലെ സ.ഉ (സാധാ) നം 414/2017/തൊഴിൽ പ്രകാരം 32.5 കോടി രൂപയും ചേർത്ത് 65 കോടി രൂപ ഈ ഇനത്തിൽ അനുവദിച്ചിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷം ടി തൊഴിൽ മേഖലയിൽ ജോലിചെയ്യുന്നവർക്ക് ധനസഹായം നൽകുന്നതിന് 65 കോടി രൂപ പ്ലാൻ ശീർഷകത്തിൽ വകയിരുത്തിയിട്ടുണ്ട്. കൂടാതെ ക്ഷേമനിധി ബോർഡ് മുഖേന തൊഴിലാളികൾക്ക് വിവിധങ്ങളായ ധനസഹായം നൽകി വരുന്നുണ്ട്. |
| സി) ഇവരുടെ കൃത്യമായ കണക്കെടുക്കുവാനും അവർക്ക് വേണ്ട സഹായങ്ങൾ നല്കുവാനുമായി സംസ്ഥാനത്തു ലാഭകരമായി പ്രവർത്തിക്കുന്ന കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷനെ ചുമതലപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ? | (സി) നിലവിൽ പരിഗണനയിലില്ല. |

Sreevidya

**സെക്ഷൻ ഓഫീസർ**